# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4413 13.11.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന വീടുകൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിന് വിവിധ സ്കീമുകളിൽ അനുവദിക്കുന്ന വീടുകളിൽ നല്ലൊരു ശതമാനവും പണി പൂർത്തീകരിക്കാതെ പാതിവഴിയിൽ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പട്ടികജാതി വികസന വകുപ്പ് മുഖേന 2007-08 മുതൽ 2017-18 വരെ അനുവദിച്ച 98397 വീടുകളിൽ 85961 (87%) വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 12436 വീടുകളാണ്. ഇതിൽ പ്രവൃത്തി പൂർണ്ണമായി മുടങ്ങിയ 4376 വീടുകൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള 8060 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഗുണഭോക്താക്കളുടെ മരണം, ലഭിച്ച ഭൂമിയുടെ ക്രയവിക്രയം, സാമ്പത്തിക ബുദ്ധിമുട്ട് എന്നീ കാരണങ്ങളാലാണ് അനുവദിച്ച ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാത്തത്. |
| (ബി) | മേൽ സൂചിപ്പിച്ച പ്രശ്നത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | പട്ടികജാതി വികസന വകുപ്പ് നിയോഗിച്ച ഉദ്യോഗസ്ഥന്മാരും സൂപ്പർവൈസർമാരും മറ്റ് ഉത്തരവാദിത്തപ്പെട്ടവരും ഭവന നിർമ്മാണ പുരോഗതിയിൽ കാണിക്കേണ്ട ജാഗ്രത പുലർത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പട്ടികജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക യഥാസമയം പ്രായോഗികമായി വിനിയോഗിച്ച് വീട് പണി | (ഡി) | ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ പൂർത്തിയാക്കുന്നതിന് വകുപ്പ് പ്രഥമ പരിഗണനയാണ് നൽകുന്നത്. |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | ഇതിനായി കൃത്യമായ ഇടവേളകളിൽ ജില്ല, ഡയറക്ടറേറ്റ്, സർക്കാർ തലങ്ങളിൽ യോഗം ചേർന്ന് പുരോഗതികൾ വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ